## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1564

14.12.2012 ലെ മറുപടിയ്ക്ക്

## താനൂർ ആസ്ഥാനമാക്കി മൈനോറിറ്റി കോച്ചിംഗ് സെന്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശമാണ് താനൂർ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) 4000 ത്തിലധികം വിദ്യാർത്ഥികൾ ഹയർ സെക്കന്ററി പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന ഇവിടെ ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പെൺകുട്ടികളായതിനാൽ താനൂർ ആസ്ഥാനമായി ഒരു മൈനോറിറ്റി കോച്ചിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | (എ, ബി, & സി) | പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിത്താമസിക്കുന്ന താനൂർ പോലുള്ള പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക യാണെങ്കിൽ നിലവിലുള്ള വ്യവസ്ഥ കൾക്ക് വിധേയമായി ന്യൂനപക്ഷ കോച്ചിംഗ് സെന്ററിന്റെ ഉപകേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ